**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.258 — 28.01.2019 ൽ മറുപടിക്ക്

**ആർദ്രം പദ്ധതി**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 22.04.2017 ലെ ജി.ഒ. (എം.എസ്.)നം.58/2017/ആ.കു.വ. പ്രകാരം 75 താലൂക്ക് തല ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് 07.07.2018 ലെ സ.ഉ. (സാധാ)നം.2196/2018/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുത്ത 28 താലൂക്ക്/ ജില്ലാ/ജനറൽ ഹോസ്പിറ്റലുകളെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുവാനായും തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ആർദ്രം പദ്ധതി പ്രകാരം ഈ താലൂക്ക് ആശുപത്രികളിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നത്; | (ബി) | സംസ്ഥാനത്തെ പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംരക്ഷണത്തിന്റെ പരിപൂർണ്ണ പരിവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്കുയർത്തുന്നതിനായാണ് ടി സ്ഥാപനങ്ങൾ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ തെരെഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗങ്ങളിലുൾപ്പടെ 266 ഡോക്ടർമാരുടേതുൾപ്പടെ 891 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി രണ്ട് മെഡിക്കൽ കോളേജുകൾ ഉൾപ്പടെ 10 ആശുപത്രികളിൽ കാത്ത് ലാബ് യൂണിറ്റും 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ മുഖേന സ്വീകരിച്ചു വരുന്നു. ജില്ലാതല ആശുപത്രികളിൽ ആവശ്യമായ വികസനം നടത്തി ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ആർദ്രം പദ്ധതി പ്രകാരം ബാലുശ്ശേരി താലൂക്കാശുപത്രിയിൽ എന്തൊക്കെ നവീകരണ പ്രവൃത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത്; | (സി) | ആർദ്രം പദ്ധതി പ്രകാരം മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിലാണ് ബാലുശ്ശേരി താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടുള്ളത്. ആദ്യ ഘട്ടമെന്ന നിലയിൽ ഇവിടെ രണ്ട് ജൂനിയർ കൺസൾട്ടന്റ്, മൂന്നു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും നവീകരണ പ്രവർത്തനങ്ങളും ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നടപടികളിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം ഇതിനോടകം തന്നെ ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ രണ്ട് അധിക തസ്തികകളും സ്റ്റാഫ് നഴ്സിന്റെ മൂന്ന് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ